**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 735 _28/02/2018-ലെ മറുപടി

**കരിമ്പുഴയാറിലെ മുണ്ടോർശ്ശിക്കടവിലെ തടയണ നിർമ്മാണം**

| **ചോദ്യം** | | **മറുപടി** |
|---|---|---|
| ശ്രീ.പി. ഉണ്ണി | | മാത്യു ടി.തോമസ് (ജലവിഭവ വകുപ്പമന്ത്രി) |
| (എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ കരിമ്പുഴ ഗ്രാമപഞ്ചായത്തിൽപ്പെട്ട കരിമ്പുഴയാറിലെ മുണ്ടോർശ്ശിക്കടവിൽ തടയണ നിർമ്മിക്കുന്നതിനായി കേരളാ ഇറിഗേഷൻ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ; | (എ) | ഉണ്ട്; വാട്ടർ അതോറിറ്റി മാനേജിംഗ് ഡയറക്ടറുടെ ചേമ്പറിൽ 9.6.14 ൽ ബഹു: ഒറ്റപ്പാലം മുൻ എം.എൽ.എ.യുടെ അദ്ധ്യക്ഷതയിൽ ചേർന്ന അവലോകന യോഗത്തിൽ ശ്രീകൃഷ്ണപുരം കടിവെള്ള പദ്ധതിയുടെ സ്രോതസ്സായ മുണ്ടോർശ്ശിക്കടവിലും കരിമ്പുഴ കുടിവെള്ള പദ്ധതിയുടെ സ്രോതസ്സായ ഞെടരകടവിലും തടയണകൾ നിർമ്മിക്കുവാനും ഈ പ്രവൃത്തികൾ കെ.ഐ.ഐ.ഡി.സി മുഖാന്തിരം നടപ്പിലാക്കുവാനും തീരുമാനിച്ചത് അനുസരിച്ച് 25.6.14 ൽ KWA/WSP/PKD/D1/2332 നമ്പർ കത്ത് പ്രകാരം എക്സിക്യൂട്ടീവ് എൻജിനീയർ പ്രോജക്റ്റ് ഡിവിഷനും KWA/PHC/1161/14 തീയതി 28.6.14 പ്രകാരം പാലക്കാട് സൂപ്രണ്ടിംഗ് എൻജിനീയറും, കെ.ഐ.ഐ.ഡി.സി എം. ഡിക്ക് തുടർ നടപടികൾക്കും പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കി സമർപ്പിക്കുന്നതിനും അപേക്ഷ സമർപ്പിച്ചിരുന്നു. |
| (ബി) കെ.ഐ.ഐ..ഡി.സി-യുടെ നേതൃത്വത്തിൽ ഇൻവെസ്റ്റിഗേഷൻ നടത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കാമോ; | (ബി) | ഉണ്ട്. കെ.ഐ.ഐ.ഡി.സി മാനേജിംഗ് ഡയറക്ടറുടെ നമ്പർ KIIDC/TP-SKP/2015 തീയതി 9.3.15 ലെ കത്ത് പ്രകാരം ഈ രണ്ട് ചെക്ക് ഡാമുകൾക്ക് വേണ്ടി സ്ഥല പരിശോധന നടത്തിയിട്ടുണ്ടെന്നും ചെക്ക് ഡാം ഡിസൈൻ, Design & Research Board, Vikas Bhavan തയ്യാറാക്കുമെന്നും അറിയിച്ചിരുന്നു. മണ്ണ് പരിശോധന നടത്തുന്നതിന് തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളേജിനെ (CET) ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ഇതിലേക്ക് ആവശ്യമായ തുക Centre for Continuing Education, CET യുടെ പേരിൽ നേരിട്ട് അയക്കാനും ഈ കത്തിൽ ആവശ്യപ്പെട്ടിരുന്നു. ഇത് പ്രകാരം CET ആവശ്യപ്പെട്ട രണ്ട് തടയണകൾക്കുമായുള്ള മണ്ണ് പരിശോധനക്ക് വേണ്ട 11.2 ലക്ഷം രൂപ മുൻകൂറായി എക്സിക്യൂട്ടീവ് എൻജിനീയർ പ്രോജക്റ്റ് ഡിവിഷൻ അടയ്ക്കുകയും മണ്ണ് പരിശോധന നടത്തുകയും ചെയ്തിരുന്നു. എന്നാൽ ഇതു വരെ കെ.ഐ.ഐ.ഡി.സി പ്രോജെക്റ്റ് റിപ്പോർട്ട് ലഭ്യമായിട്ടില്ല. |
| (സി) ഇൻവെസ്റ്റിഗേഷനായി എത്ര തുക ചെലവഴിച്ചു; വിശദാംശം ലഭ്യമാക്കാമോ? | (സി) | ശ്രീകൃഷ്ണപുരം, കരിമ്പുഴ കുടിവെള്ള പദ്ധതികൾക്കായുള്ള തടയണകളുടെ ഇൻവെസ്റ്റിഗേഷന്റെ ഭാഗമായ മണ്ണ് പരിശോധനയ്ക്ക് 11.2 ലക്ഷം രൂപ ചെലവായിട്ടുണ്ട്. |

Renuka Sankar

സെക്ഷൻ ഓഫീസർ